ഉത്തരം

(എ) മൂന്നു ഘട്ടങ്ങളിലെ ജനസമ്പർക്ക പരിപാടികളിലായി 63,126 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ വിവരങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 20,081 അപേക്ഷകൾ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ട്.

(സി & ഡി) ലഭിച്ച 6 അപേക്ഷകളിലും നടപടി സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പിലെ ഇ-ഫയലിംഗ് സംവിധാനം

73 (4407) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ :

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കാലതാമസം ഒഴിവാക്കി ഫയൽ നടപടികൾ സുതാര്യമാക്കുകയും, സർക്കാർ സേവനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുകയുമാണ് ഇ-ഫയലിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) നാഷണൽ ഇൻഫർമാറ്റിക് സെന്റർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ എന്നിവയുടെ സഹായത്തോടെയാണ് എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് നടപ്പാക്കുന്നത്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എക്സൈസ് കമ്മീഷണറേറ്റിലെ എല്ലാ സീറ്റുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർക്ക് കമ്പ്യൂട്ടർ അടിസ്ഥാന പരിശീലനം നൽകിവരുന്നു. എല്ലാ ജീവനക്കാർക്കും നാഷണൽ ഇൻഫർമാറ്റിക് സെന്റർ ഇ-മെയിലിൽ ഐ.ഡി. നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് മുഖേന എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ് സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

74 (4408) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം ലഹരി വിരുദ്ധ പ്രവർത്തനങ്ങളാണ് ഊർജ്ജസ്വലമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് എന്ത് തുക അനുവദിക്കുകയുണ്ടായി ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം സംഘടനകളെ പ്രയോജനപ്പെടുത്തി ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഡി) എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് ഇതിനുവേണ്ടി നടത്തിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസമത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂൾ കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, അല്ലുവഴിയുള്ള ബോധവൽക്കരണ

LIBRARY ARCHIVES Kerala Legislative Assembly